DESPATCHED
On.01/21/22

15/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1793*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **10833**/*എസ്.ഐ.സി–ജി 6/2014*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ചെമ്പൻ നൗഷാദ്,
ചെനക്കൽ ഹൗസ്,
കെ.എം.ബസാർ, മുന്നിയൂർ പി.ഒ., തിരൂരങ്ങാടി(വഴി),
മലപ്പുറം. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   സെക്രട്ടറി,
   വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്.

2. അപ്പീൽ അധികാരി&
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
   മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07.03.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 11.04.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 11.07.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 14.07.2014 |
| ഹിയറിംഗ് നടന്ന തീയതി | 10.01.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ചെമ്പൻ നൗഷാദ്,

11.07.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 14.07.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.1793(7)/14/SIC ആയി ഫയലിൽ സ്വീക രിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ശരിയായ മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും യാതൊരു നടപടിയും ഉണ്ടായില്ലെന്നും ഇപ്രകാരം വീഴ്ച വരുത്തിയ ഒന്നും രണ്ടും എതിർകക്ഷികൾക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നുമാ ണ്.

3. അപ്പീൽ ഹർജിക്കാരൻ 07.03.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1. 14–15 പദ്ധതിയിൽ ഉൾപ്പെടുത്തി കാര്യാട് കടവിലെ തകർന്ന പടവു കൾ നവീകരിക്കുന്നതിന് വേണ്ടി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാ രത്തിനു വേണ്ടി അറിയിച്ചിട്ടുണ്ടെങ്കിൽ ടി പദ്ധതിയുടെ പകർപ്പും ഒറിജിനൽ രേഖയുടെ പകർപ്പും നൽകണമെന്നും

2. ടി പദ്ധതി രേഖയിൽ ബി.എൽ.ഇ.സി.യുടെ സീലിന്റെ പകർപ്പ് നൽക ണമെന്നും

3. മേൽപ്പടി പദ്ധതിയിൽ ഡി.പി.സി.യുടെ സീലിന്റെ പകർപ്പ് നൽകണ മെന്നും

4. സാങ്കേതിക അനുമതി പത്രത്തിന്റെ ഒറിജിനൽ കോപ്പിയും പകർപ്പും നൽകണമെന്നും

5. അലോട്ട്മെന്റ് ലെറ്റർ കോപ്പിയുടെ പകർപ്പ് എന്നു തുടങ്ങി 9 ഇനങ്ങ ളിലായുള്ള വിവരങ്ങളാണ്.

ആയതിന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2014–15 വർഷത്തെ വാർഷിക പദ്ധതി രൂപീകരണം

കഴിഞ്ഞിട്ടില്ലെന്ന വിവരം അറിയിക്കുന്നുവെന്നും ആയതിനാൽ കാര്യാട് കടത്ത് കടവിലെ തകർന്ന പടവുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട ടിയാന്റെ ചോദ്യങ്ങൾക്കും ബാധകമല്ല എന്നാണ് മറുപടിയെന്നാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

4. 28.08.2014ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, 2014–15 വാർഷിക പദ്ധതിയിൽ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ കാര്യാട് കടവിലെ തകർന്ന പടവുകളുടെ നവീകരണത്തിന് ഡി.പി.സി. അംഗീകാരത്തിന് ശ്രമിച്ചിട്ടുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട 9 ഇനം വിവരങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നതെന്നും ആയതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും എ4–2031/14 നമ്പറായി ലഭിച്ച മറുപടി വ്യക്തമായതല്ല എന്ന ആക്ഷേപം ഉന്നയിച്ചാണ് 11.04.2014ന് ഒന്നാം അപ്പീൽ സമർപ്പിച്ചിരുന്നതെന്നുമാണ്. ടി ഒന്നാം അപ്പീൽ തീർപ്പാക്കുന്നതിനായി 28.4.2014ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ നേരിൽ കേൾക്കുകയും 2014–15 സാമ്പത്തിക വർഷത്തെ പദ്ധതിക്ക് അന്തിമരൂപം കൊടുത്തിട്ടില്ലാത്തതിനാലാണ് പദ്ധതി അംഗീകാര നടപടികൾ പൂർത്തീകരിച്ചിട്ടില്ലെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയതെന്ന് ഹിയറിംഗ് വേളയിൽ സെക്രട്ടറി ബോധിപ്പിച്ചുവെന്നും 2014–15 സാമ്പത്തിക വർഷത്തെ പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയിൽ അപാകതയില്ല എന്നു നിരീക്ഷിച്ചുകൊണ്ട് ഫയലിൽ മറ്റു നടപടികൾ ഒന്നും ആവശ്യമില്ലെന്നു തീരുമാനിച്ചുകൊണ്ട് 02.05.2014ന് ഒന്നാം അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ വാദം അപേക്ഷയ്ക്ക് ശരിയായ രീതിയിൽ മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും ശരിയായ നടപടിയും മറുപടിയും ലഭ്യമായില്ലെന്നുമാണ്. മൊഴിയും അനുബന്ധ

രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ലഭ്യമാക്കിയതായി കമ്മീഷന് ബോധ്യമായതിനാൽ ഈ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 2022 ജനുവരി 15–ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)